# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

| | |
|---|---|
| ജനുവരി 22<br>January 22 | **2019** |

*1193 മകരം 08 ചൊവ്വ*

# പത്രക്കുറിപ്പ് 1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## ജില്ലാ കളക്ടറുടെ ജനസമ്പർക്കപരിപാടി;

## അപേക്ഷ നാളെ വരെ സമർപ്പിക്കാം

ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബു താലൂക്ക് തലത്തിൽ നടത്തുന്ന പരാതിപരിഹാര അദാലത്തുകളിലേക്ക് നാളെ (24) വരെ അക്ഷയകേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് അപേക്ഷ നൽകാം. www.edistrict.kerala.gov.in എന്ന വെബ്സൈറ്റിലൂടെയും ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ സഹായം, പട്ടയം, റേഷൻകാർഡ് മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നത്, റീസർവ്വേ എന്നിവ സംബന്ധമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ആദ്യ പരാതിപരിഹാര അദാലത്ത് കാസർകോട് താലൂക്കിലെ അപേക്ഷകർക്കായി ഫെബ്രുവരി നാലിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തും. എല്ലാ വകുപ്പുകളുടെയും ജില്ലാതല ഉദ്യോഗസ്ഥർ അദാലത്തിൽ പങ്കെടുക്കും.

## പോലീസ് കംപ്ലയൻസ് അതോററ്റി സിറ്റിംഗ് ഇന്ന്

ജില്ലാ പോലീസ് കംപ്ലയൻസ് അതോറിറ്റിയുടെ സിറ്റിംഗ് ഇന്ന്(23) രാവിലെ 11 ന് കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ ചേരും.

## സ്പോർട്സ് സ്കൂൾ പ്രവേശനം;

## ജില്ലാതല തെരഞ്ഞെടുപ്പ് ഇന്ന്

അടുത്ത അധ്യയന വർഷത്തിലേക്ക് ജിവി രാജ സ്പോർട്സ് സ്കൂളിലും കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂളിലും പ്രവേശനത്തിന് ജില്ലാതലത്തിൽ സെലക്ഷൻ ട്രയൽ നടത്തും. ഏഴ്, എട്ട്, ഒൻപത്, പ്ലസ് വൺ/വി എച്ച് എസ് ഇ ക്ലാസുകളിലേക്കാണ് പ്രവേശനം. ജില്ലയിൽ ഇന്ന്(23) പെരിയ നവോദയ വിദ്യാലയത്തിൽ സെലക്ഷൻ ട്രയൽസ് നടക്കും. കൂടുതൽ വിവരങ്ങൾക്ക് www.sportskerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## കുരുന്നുകളെ ആവേശത്തിലാക്കി

## മൊഗ്രാൽപുത്തൂർ കിഡ്സ്ഫെസ്റ്റ്

സാമൂഹിക ബന്ധങ്ങളിൽ ജാതിമത ചിന്തകൾ മതിലുകൾ തീർക്കുന്ന കാലത്ത് സൗഹാർദ്ദത്തിന്റെ സന്ദേശവുമായി മൊഗ്രാൽ പുത്തൂരിന്റെ ഉണർത്തു പാട്ടായി ഗ്രാമോത്സവം തുടരുന്നു. ഒന്നരമാസം നീളുന്ന ആഘോഷ പരിപാടികളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഐ സി ഡി എസ്, സി എച്ച് മുഹമ്മദ് കോയ സ്മാരക വായനശാല എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മൊഗ്രാൽപുത്തൂർ കുന്നിലിൽ കിഡ്സ് ഫെസ്റ്റ് സംഘടിപ്പിച്ചു. പഞ്ചായത്തിലെ മുഴുവൻ അങ്കണവാടികളിലെ കുട്ടികളും അധ്യാപകരും പങ്കെടുത്ത ഫെസ്റ്റ് ഉത്സവപ്രതീതി സൃഷ്ടിച്ചു. വിവിധ അങ്കണവാടികളിലെ കുരുന്നുകൾ ആവേശപൂർവ്വം കലാപരിപാടികൾ അവതരിപ്പിച്ചു.

കാസർകോട് നഗരസഭാ ചെയർപേഴ്സൺ ബീഫാത്തിമ്മ ഇബ്രാഹിം പരിപാടി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് എ എ ജലീൽ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അഡ്വ ഷെമീറ ഫൈസൽ, സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ മുജീബ് കമ്പാർ, പഞ്ചായത്ത് അംഗങ്ങളായ ഫൗസിയ മുഹമ്മദ്,  എസ് എച്ച് ഹമീദ്, പ്രമീള, ലീല, ജയന്തി, ഐ സി ഡി എസ് സൂപ്പർ വൈസർ ബബിത, വായന ശാലാ പ്രവർത്തകർ തുടങ്ങിയവർ സംബന്ധിച്ചു. അന്യംനിന്നു പോവുന്ന പ്രാദേശിക കലാരൂപങ്ങൾ പുതുതലമുറക്ക് കൈമാറാനും കലാകായികസാംസ്കാരിക രംഗങ്ങളിൽ യുവജനതയുടെ ഇടപെടൽ സജീവമാക്കുന്നതിനുമായാണ് മൊഗ്രാൽപുത്തൂർ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഗ്രാമോത്സവം സംഘടിപ്പിക്കുന്നത്. ആഘോഷത്തിന്റെ ഭാഗമായി കലാപരിപാടികൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, കായിക മത്സരങ്ങൾ, ഗ്രാമീണജീവത്തിന്റെ ഭൂതകാലം വിവിരിക്കുന്ന ചരിത്ര പ്രദർശനങ്ങൾ, മെഡിക്കൽ ക്യാംപുകൾ തുടങ്ങിയവ സംഘടിപ്പിച്ചു വരുന്നു.

**ഫോട്ടോ അടിക്കുറിപ്പ് (കിഡ്സ് ഫെസ്റ്റ്-1,):**

മൊഗ്രാൽ പുത്തൂർ ഗ്രാമോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിച്ച കിഡ്സ് ഫെസ്റ്റിൽ നിന്ന്

## ഹരിത പെരുമാറ്റച്ചട്ടം പാലിക്കണം: ജില്ലാ കളക്ടർ

ഈ മാസം 26 ന് കാസർകോട് മുൻസിപ്പൽ സ്റ്റേഡിയത്തിൽ നടക്കുന്ന റിപ്പബ്ലിക്ക് ദിനാഘോഷ പരിപാടിയിൽ പങ്കെടുക്കുന്ന എല്ലാ ഉദ്യോഗസ്ഥരും പൊതുജനങ്ങളും പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായി ഒഴിവാക്കി ഹരിത പെരുമാറ്റച്ചട്ടം പാലിക്കണമെന്ന് ജില്ലാ കളക്ടർ ഡോ. ഡി സജിത്ത് ബാബു അറിയിച്ചു.

## അഞ്ചാംക്ലാസ് പ്രവേശനത്തിന് അപേക്ഷിക്കാം

പരവനടുക്കം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അടുത്ത അദ്ധ്യയന വർഷത്തെ അഞ്ചാം ക്ലാസ്സ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. പെൺകുട്ടികൾക്കായി പരവനടുക്കത്ത് പ്രവർത്തിക്കുന്ന കാസർകോട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 35 സീറ്റുകളിൽ 10 ശതമാനം പൊതു വിഭാഗങ്ങൾക്കും 90 ശതമാനം സീറ്റുകളിൽ പട്ടികജാതി,പട്ടികവർഗ്ഗക്കാർക്കുമാണ് പ്രവേശനം നൽകുക. അപേക്ഷകർ ഇപ്പോൾ നാലാം ക്ലാസ്സിൽ പഠിക്കുന്നവരും 01.06.19 ന് 10 വയസ്സിൽ കവിയാത്തവരും ആകണം. കുടുംബ വാർഷിക വരുമാനം ഒരുലക്ഷം രൂപയിൽ കവിയാൻ പാടില്ല. പ്രാക്തന ഗോത്ര വിഭാഗക്കാർക്ക് വരുമാന പരിധിയില്ല. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷകളോടൊപ്പം ജാതി, വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് , പഠിക്കുന്ന ക്ലാസ്സ്, വയസ്സ് തെളിയിക്കുന്നതിനായി വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിലെ പ്രധാനാധ്യാപകന്റെ സാക്ഷ്യപത്രം എന്നിവ സഹിതം ഫെബ്രുവരി 10 നകം സമർപ്പിക്കണം.അപേക്ഷകൾ ജില്ലാ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിലോ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളായ എൻമകജെ,പനത്തടി,കാസർകോട്,നീലേശ്വരം എന്നിവിടങ്ങളിലോ സമർപ്പിക്കാം.കൂടുതൽ വിവരങ്ങൾക്ക്-04994-255466

## ഹരിത നികുതി അടക്കണം

പത്തു വർഷം പൂർത്തിയാക്കിയ ട്രാൻസ്പോർട്ട് വാഹനങ്ങളുടെയും 15 വർഷം പൂർത്തിയാക്കിയ സ്വകാര്യ വാഹനങ്ങളുടെയും ഹരിത നികുതി ഈ മാസം 31 നകം അടക്കണം. ഹരിത നികുതി അടക്കാത്ത വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുമെന്ന് കാഞ്ഞങ്ങാട് ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

## ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു

20 പട്ടികജാതി ഗുണഭോക്താക്കൾക്ക് രണ്ട് ആടുകൾ വീതം വാങ്ങി വളർത്തുന്നതിന് ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. 12000 രൂപ ധനസഹായം ആണ് അനുവദിക്കുക. കൂടുതൽ വിവരങ്ങൾക്ക് മീഞ്ച, മഞ്ചേശ്വരം, മുളളേരിയ, ബദിയഡുക്ക എന്നീ മൃഗാശുപത്രികളുമായി ബന്ധപ്പെടുക.ഫെബ്രുവരി ഏഴിന് രാവിലെ 10.30 ന് വിദ്യാനഗർ സിവിൽസ്റ്റേഷനിലെ എ ബ്ലോക്കിലുളള ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ കൂടിക്കാഴ്ച നടത്തി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കും.

## പാരമ്പര്യേതര ട്രസ്റ്റി നിയമനം

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള കാസർകോട് താലൂക്കിലെ മൊഗ്രാൽപുത്തൂർ ഗ്രാമത്തിലെ ബെദ്രഡുക്ക ശ്രീ പൂമാണി കിന്നിമണി ക്ഷേത്രത്തിലെ പാരമ്പര്യേതര ട്രസ്റ്റിമാരുടെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.ക്ഷേത്ര പരിസരവാസികളായ ഹിന്ദുമതവിശ്വാസികൾ അപേക്ഷകൾ മലബാർ ദേവസ്വം ബോർഡ് കാസർകോട് ഡിവിഷന്റെ നീലേശ്വരത്തുള്ള അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിൽ ഫെബ്രുവരി 11 ന് വൈകുന്നേരം അഞ്ചിനകം സമർപ്പിക്കണം.അപേക്ഷ ഫോം മലബാർ ദേവസ്വം ബോർഡ് വെബ്സൈറ്റിലും നീലേശ്വരത്തുള്ള അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിലും ലഭ്യമാണ്.

## ക്ഷേത്രജീവനക്കാരുടെ ഇൻഷൂറൻസ്;

## വിവരങ്ങൾ സമർപ്പിക്കണം

മലബാർ ദേവസ്വം ബോർഡ് നടപ്പാക്കാനുദ്ദേശിക്കുന്ന ക്ഷേത്രജീവനക്കാരുടെ ആരോഗ്യ-അപകട ഇൻഷൂറൻസ് പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് കാസർകോട് ഡിവിഷനു കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ പേര്,വിവരങ്ങൾ ഇനിയും സമർപ്പിക്കാൻ ബാക്കിയുള്ള മുഴുവൻ ക്ഷേത്രഭരണാധികാരികളും ഈ വിവരങ്ങൾ നിശ്ചിത മാതൃകയിൽ മലബാർ ദേവസ്വം ബോർഡ് കാസർകോട് അസിസ്റ്റന്റ് കമ്മീഷണറാഫീസിൽ ഈ മാസം 31 നകം സമർപ്പിക്കണം.

**ഫോട്ടോ അടിക്കുറിപ്പ്** -(കബഡി ടീം)

സംസ്ഥാന എക്സൈസ് കലാകായിക മേളയിൽ കബഡിയിൽ തുടർച്ചയായി 14 ാം തവണയും ചാമ്പ്യന്മാരായ കാസർകോട് ജില്ലാ ടീം

(തുടരും...)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**